(ബി) പ്രസ്തുത ഹൈവേയുടെ നിർമ്മാണപ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ; ഇതിന്റെ അടങ്കൽ തുക എത്രയെന്ന് അറിയിക്കുമോ?

(എ&ബി) ഷൊർണ്ണൂർ മണ്ഡലത്തിലൂടെ മലയോര ഹൈവേ കടന്നുപോകുന്നില്ല.

(സി) പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാലഹരണപ്പെട്ട ചട്ടങ്ങൾ മാറ്റി ഈസ് ഓഫ് സർവ്വീസ് ഡെലിവറി എന്ന നയം നടപ്പിലാക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് സമയബന്ധിതമായി പരിഷ്കരിക്കാറുണ്ട്.

## മുസിരിസ് പൈതൃക പദ്ധതി

121(4131) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പള്ളിപ്പുറം വില്ലേജിൽ മുസിരിസ് പൈതൃക പദ്ധതിയുമായി ബന്ധപ്പെട്ട് മിശ്രുഭോജൻ സ്മാരകം നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് 6-12-2017-ലെ സ.ഉ.(സാധാ) നമ്പർ 589/2017 പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മിശ്രുഭോജൻ സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടി 3 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ലാൻഡ് അക്വിസിഷൻ അവാർഡ് പാസ്സാക്കുകയും സ്ഥലം തഹസീൽദാർ കൈവശത്തിലെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. സ്ഥലം ടൂറിസം വകുപ്പിന് കൈമാറുന്നതിന് സ്പെഷ്യൽ തഹസിൽദാർ നടപടി സ്വീകരിച്ചുവരുന്നു.

## പൂഞ്ഞാർ മണ്ഡലത്തിൽ ടൂറിസം സർക്യൂട്ട് പദ്ധതി

122(4132) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലുള്ള പ്രകൃതിരമണീയമായ സ്ഥലങ്ങൾ ഉൾപ്പെടുത്തി ഒരു ടൂറിസം സർക്യൂട്ട് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രകൃതിരമണീയ ടൂറിസം കേന്ദ്രങ്ങളായ മാർമല അരുവി, അരുവിക്കച്ചാൽ വെള്ളച്ചാട്ടം, മുതുകോരമല, വേങ്ങത്താനം അരുവി, കോലാഹലമേട്, തങ്ങൾപാറ, ചക്കിപ്പാറ, അടിവാരം കൊട്ടത്താവളം വെള്ളച്ചാട്ടം, കല്ലുവെട്ടാംകുഴി, പെരിങ്ങളം ചട്ടമ്പിപ്പെരുവഞ്ചിറ, ചോലത്തടം മുത്തനള്ളരുവി, കൈപ്പള്ളി കളത്വ എന്നിവ സംരക്ഷിക്കുന്നതിനും അവിടങ്ങളിൽ ടൂറിസ്റ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിശോധിക്കാവുന്നതാണ്.

(സി) എരുമേലി കേന്ദ്രമാക്കി പിൽഗ്രിം ടൂറിസം പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

"എരുമേലി പിൽഗ്രിം ഹബ് "എന്ന 2 കോടി രൂപയുടെ പദ്ധതി കോട്ടയം ഡി.ടി.പി.സി. വാപ്കോസ് ലിമിറ്റഡ് മുഖേന നടപ്പിലാക്കുകയും 9-2-2021-ൽ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തിട്ടുള്ളതാണ്.

**ടൂറിസം അതിജീവന പദ്ധതി**

123(4133) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ കടുത്ത പ്രതിസന്ധി നേരിടുന്ന വിനോദസഞ്ചാര മേഖലയുടെ അതിജീവനത്തിനായി നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് കോവിഡ് വ്യാപനംമൂലം സ്തംഭനാവസ്ഥയിലായ ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനതല ബാങ്കേഴ്സ് സമിതിവഴി ടൂറിസം രംഗത്തുള്ള

LIBRARY ARCHIVES Kerala Legislative Assembly